ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഭൂമി പരിച്ചുകൊടുക്കുന്ന നടപടി ഇപ്പോൾ നിറുത്തി വച്ചിരിക്കയാണ്.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

മലയാളം ടൈപ്പിസ്റ്റുകൾ.

* 1113. [30] ശ്രീ. ടി. ടി. ശിവൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഇപ്പോൾ എത്തെല്ലാം ഡിപ്പാർട്ടുമെൻറുകളിൽ മലയാളം ടൈപ്പിസ്റ്റുകൾ നിയമിക്കപ്പെട്ടിട്ടുണ്ട്;

(ബി) കേരളസംസ്ഥാനത്തു് എല്ലാ ഡിപ്പാർട്ടുമെൻറുകളിലും മലയാളം ടൈപ്പിസ്റ്റുകൾ നിയമിക്കപ്പെടുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വിവരം ചേർത്തിട്ടുള്ള ഒരു സ്റ്റേറ്റുമെൻറ് † മേശപ്പുറത്തു് വച്ചിട്ടുണ്ട്.

(ബി) ഈ ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

Industrial Housing Scheme.

* 1114. [31] SHRI M. BHASKARAN NAIR: Will the Minister for Industries be pleased to state whether Government propose to constitute a representative committee to advise Government regarding the implementation of the Industrial Housing Scheme?

Minister for Local Self Government (SHRI K. KOCHUKUTTAN):

There is no such proposal before Government at present.

പേ കമ്മീഷന്റെ സുപാർശകൾ.

* 1115. [35] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേ കമ്മീഷന്റെ സുപാർശകൾ മുഴുവൻ ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു ഡിപ്പാർട്ടുമെൻറുകളിൽ അവ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്;

(സി) സുപാർശകൾ ഒട്ടും നടപ്പിലാക്കാതെയുള്ള ഏതെങ്കിലും ഡിപ്പാർട്ടുമെൻറുകളുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്തു്?

† Please see Appendix No. XXIX.

LIBRARY ARCHIVES Kerala Legislative Assembly